കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ - സബ്സിഡി ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ - കൂട്ടതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.**1602/2018** /തസ്വഭവ തീയതി, തിരുവനന്തപുരം **12.06.2018**

പരാമർശം :- 1) സ.ഉ(കൈ.) നം.20/2018/ തസ്വഭവ തീയതി 07/02/2018

2) സ.ഉ(കൈ) നം 22/2018/ തസ്വഭവ തീയതി 14/2/2018

3) 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം നമ്പർ 3.12 (4)

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതന വർദ്ധനവ് നൽകി ഉത്തരവായിരുന്നു. എന്നാൽ പരാമർശം (2) ലെ മാർഗ്ഗ രേഖാ ഉത്തരവിലെ 7.1.8 ഖണ്ഡികയിൽ പ്രസ്തുത വേതന വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ പരാമർശം (1) ഉത്തരവ് പ്രകാരം വേതന വർദ്ധനവ് നല്കുന്നതിന് അനുമതി വേണമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**2)** 23.05.2018 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയിൽ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (3) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം (1) പ്രകാരമുള്ള താഴെ പറയുന്ന ഭേദഗതി പരാമർശം (2) ലെ മാർഗ്ഗരേഖാ ഉത്തരവിലെ 7.18 ഖണ്ഡികയിൽ ഉൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിച്ച് ഉത്തരവാകുന്നു.

(എ) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യതയുള്ള പക്ഷം (യോഗ്യതകൾ D.Ed Special (Autism Spectrum Disorder) Diploma in Early Childhood Special Education (DECSE) (Mental Retardation ) : D.Ed Special Education ( Cerebral Palsy): D.Ed Special Education ( Hearing Impairment): D.Ed Special Education (Visual Impairment) Diploma in Community based Rehabilitation, Diploma in Vocation Rehabiliation). ജി.ഒ(പി) No.56/2017/ ധന തീയതി 28.04.32017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 9 -ൽ പറയുന്ന അസി. ടീച്ചർ വിത്ത് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ 30,675/- രൂപ (മുപ്പതിനായിരത്തി അറുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം ) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.

(ബി) ബഡ്സ്/ബി.ആർസി. അദ്ധ്യാപകർക്ക് നിശ്ചിത യോഗ്യത ഇല്ലാത്ത പക്ഷം ജി.ഒ(പി)നം.56/2017 ധന തീയതി 28.04.2017 ഉത്തരവിൽ അനുബന്ധത്തിൽ കാറ്റഗറി 5-ൽ പറയുന്ന അസി. ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദ ഹാൻഡി ക്യാപ്ഡ് വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ

കഴിയുന്ന പരമാവധി തുകയായ 23,100/ രൂപ (ഇരുപത്തി മൂവായിരത്തി ഒരുനൂറ് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്.

(സി) ആയമാർക്ക് **07.02.2018** ലെ **20/2018/** ത.സ്വ.ഭ.വ. ഉത്തരവിലെ അനുബന്ധത്തിൽ കാറ്റഗറി **1**-ൽ, ആയ വിഭാഗക്കാർക്ക് കോൺട്രാക്ട് വ്യവസ്ഥയിൽ പ്രതിമാസം അനുവദിക്കാൻ കഴിയുന്ന പരമാവധി തുകയായ **17,325/** രൂപ(പതിനേഴായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) നിരക്കിൽ ശമ്പളം അനുവദിക്കാവുന്നതാണ്

**(3)** പരാമർശം **(2 )** ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ആർ.ഗിരിജ ഐ.എ.എസ്.**
**ഗവ.അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,
തിരുവനന്തപുരം എല്ലാ ജില്ലാ കളക്ടർമാർക്കും എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും } (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും-ഗ്രാമവികസന കമ്മീഷണർ മുഖേന
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും - (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൻമാർക്കും/സെക്രട്ടറിമാർക്കും
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്:**-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**